# മലങ്കര ശ്ലൈഹിക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ
# ഡോ. തിയഡോഷ്യസ് മാർത്തോമ്മായിൽ നിന്നും

സർക്കുലർ നമ്പർ 8

*നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും ദേശത്തു പട്ടക്കാരും പള്ളികൈക്കാരും സഭാ പ്രതിനിധി മണ്ഡലാംഗങ്ങളും ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്*

കർത്താവിൽ പ്രിയരെ,

അഭിവന്ദ്യ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലിത്തായുടെ 351–ാം മ്പർ കൽപ്പന മൂലം 2020 മാർച്ച് 31 നു 2017–2020 ലെ മണ്ഡലത്തിന്റെ കാലാവധി അവസാനിക്കുകയും 2020 ഏപ്രിൽ 1 മുതൽ 2020–2023 കാലഘട്ടത്തിലേക്ക് തെരഞ്ഞെടുക്കപ്പെട്ട് സഭാ ഭരണഘടന 124, 148 വകുപ്പുകൾ പ്രകാരം സത്യപ്രതിജ്ഞ ഒപ്പിട്ടു അയച്ചിരിക്കുന്ന മണ്ഡലാംഗങ്ങൾക്ക് 2020 ഏപ്രിൽ 1 മുതൽ ഇടവക കൈസ്ഥാന സമിതിയിൽ അംഗത്വം നൽകിയിരുന്നുവല്ലോ. 367–ാം നമ്പർ സർക്കുലർ പ്രകാരം 2020 സെപ്റ്റംബർ 2,3,4, തീയതികളിൽ നടത്തുവാൻ നിശ്ചയിച്ചിരുന്ന സഭാ പ്രതിനിധി മണ്ഡലയോഗം, ലോകമെമ്പാടും വ്യാപിച്ച കോവിഡ്–19 മൂലം സഭാ ഭരണഘടന 64–ാം വകുപ്പ് അനുസരിച്ച് 2020 മേയ് 22 നു കൂടിയ എപ്പിസ്ക്കോപ്പൽ സിനഡിന്റെ ആലോചനപ്രകാരം മാറ്റിവച്ച വിവരം എല്ലാ ഇടവകകളെയും അറിയിച്ചിരുന്നു.

കോവിഡ്–19 വ്യാപനത്തെത്തുടർന്ന് പൂർത്തിയാക്കുവാൻ സാധിക്കാതെയിരുന്ന മണ്ഡലാംഗങ്ങളുടെ തെരഞ്ഞെടുപ്പും ഭദ്രാസന അസംബ്ലി അംഗങ്ങളുടെ തെരഞ്ഞെടുപ്പും പൂർത്തീകരിച്ച് 2020 ഡിസംബർ 31 നു മുമ്പ് അറിയിച്ചിരിക്കണമെന്ന് കല്പന മുഖേന അറിയിച്ചിരുന്നുവല്ലോ.

2021 ജനുവരി 12 ന് കൂടിയ സഭാ കൗൺസിൽ, സഭാ ഭരണഘടന 104–ാം വകുപ്പ് അനുസരിച്ച് അടുത്ത മണ്ഡലയോഗം കൂടുന്ന തീയതിയും സ്ഥലവും നിശ്ചയിക്കുന്നതു സംബന്ധിച്ച് നടന്ന വിശദമായ ചർച്ചയിൽ, മണ്ഡലയോഗം ഇപ്പോഴത്തെ പ്രത്യേക സാഹചര്യത്തിൽ എല്ലാ മണ്ഡലാംഗങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ട് നേരിട്ടോ, ഓൺലൈൻ മുഖാന്തിരമോ നടത്തുന്നതിനുള്ള സാങ്കേതികവും പ്രായോഗികവുമായ ബുദ്ധിമുട്ടുകൾ ബോദ്ധ്യമായതിനാൽ സഭാ ഭരണഘടന 390 A പ്രകാരം ഇതു സംബന്ധിച്ച് യുക്തമായ തീരുമാനം കൈക്കൊള്ളുന്നതിന് മെത്രാപ്പോലിത്തായോട് അപേക്ഷിക്കുന്നതിന് ഏകാഭിപ്രായമായി തീരുമാനിച്ചു. അന്നേ ദിവസം കൂടിയ എപ്പിസ്ക്കോപ്പൽ സിനഡ് സഭാ ഭരണഘടന 64–ാം വകുപ്പ് അനുസരിച്ച് ഇതു സംബന്ധിച്ച് യുക്തമായ തീരുമാനം കൈക്കൊള്ളുന്നതിന് മെത്രാപ്പോലിത്തായോട് അപേക്ഷിക്കുന്നതിന് ഏകാഭിപ്രായമായി തീരുമാനിച്ചു.

അതിൻപ്രകാരം ഇപ്പോഴത്തെ പ്രത്യേക സാഹചര്യത്തിൽ മണ്ഡലാംഗങ്ങൾക്ക് ഭരണഘടനാനുസൃതമായി സമ്മേളിക്കുന്നതിന് സാങ്കേതികമായും പ്രായോഗികമായും ഉള്ള ബുദ്ധിമുട്ടുകൾ കാരണം 2021 മാർച്ച് 31 നു മുമ്പ് നടത്തുവാൻ സാധിക്കാതെയിരിക്കുന്നു എന്ന വിവരം ഏവരെയും അറിയിച്ചുകൊള്ളുന്നു. സഭാ ഭരണഘടന 104–ാം വകുപ്പ് അനുസരിച്ച് സഭാ കൗൺസിൽ തീരുമാനപ്രകാരം പുതിയ തീയതികൾ അറിയിക്കുന്നതാണ്. എന്നാൽ സഭാ ഭരണഘടന 166–ാം വകുപ്പു പ്രകാരം സഭാ കൗൺസിലിന്റെയും സഭാ ഔദ്യാഗിക സ്ഥാനികളുടെയും മണ്ഡലം തെരഞ്ഞെടുത്ത കമ്മറ്റികളുടെയും കാലാവധി പുതിയ മണ്ഡലത്തിന്റെ ആദ്യ യോഗത്തിന്റെ അവസാനം വരെ തുടരുന്നതായിരിക്കും.

എന്നാൽ ഭദ്രാസന അസംബ്ലി അംഗങ്ങളുടെ സംഖ്യ കുറവായതിനാൽ സഭാ ഭരണഘടനാനുസൃതമായി 2020–2023 കാലഘട്ടത്തിലേക്ക് തെരഞ്ഞെടുക്കപ്പെട്ട ഭദ്രാസന അസംബ്ലിയുടെ യോഗം കൂടി ഭദ്രാസന ഔദ്യാഗിക ഭാരവാഹികളുടെയും ഭദ്രാസന കൗൺസിൽ അംഗങ്ങളുടെയും തെരഞ്ഞെടുപ്പ് കോവിഡ്–19 മാനദണ്ഡങ്ങൾക്കു വിധേയമായി നടത്താവുന്നതാണ്.

സഭാ ഭരണഘടന 319–ാം വകുപ്പ് അനുസരിച്ച് 2021 ജനുവരി 15 നു മുമ്പ് 2021– 2022 ലെ പുതുക്കിയ ഇടവക സംഘാംഗ രജിസ്റ്റർ പ്രസിദ്ധീകരിക്കണമെന്ന് 3–ാം നമ്പർ സർക്കുലർ മൂലം നാം അറിയിച്ചിരുന്നവല്ലോ. തുടർന്ന് സഭാഭരണഘടനാനുസൃതമായി 2021–2022 ലെ ഇടവക ചുമതലക്കാരുടെയും, കൈസ്ഥാനസമിതി അംഗങ്ങളുടെയും തെരഞ്ഞെടുപ്പുകൾ പൂർത്തീകരിക്കാവുന്നതാണ്.

സഭയുടെ അംഗീകൃത സ്ഥാപനകളുടെ വാർഷിക പ്രതിനിധി യോഗങ്ങൾ അതതു സ്ഥാപനകളുടെ ഭരണഘടനയ്ക്കു വിധേയമായി കോവിഡ് –19 മാനദണ്ഡങ്ങൾ പാലിച്ചു നടത്തുന്നതിനും അനുവദിക്കുന്നു.

പ്രിയരെ, ഇന്നത്തെ പ്രത്യേക സാഹചര്യങ്ങളിൽ സഭയുടെയും സ്ഥാപനകളുടെയും പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് ഏവരും പ്രാർത്ഥനാപൂർവ്വം സഹകരിക്കണമെന്ന് ഉദ്ബോധിപ്പിക്കുന്നു.

കർത്താവിന്റെ കൃപ നിങ്ങളേവരോടുംകൂടെ ഉണ്ടായിരിക്കുമാറാകട്ടെ,

എന്ന് തിരുവല്ലാ പൂലാത്തീനിൽ നിന്നും ക്രിസ്താബ്ദം 2021 ജനുവരി മാസം 25–ാം തീയതി

**ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ**